CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നടപടി,

ലേഖനങ്ങൾ,

വെളിപാട്.



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

MANNANAM
PRINTED AT THE ST. JOSEPH'S PRESS.
1938.

Christian Musicological Society of India

സമർപ്പണം.

അനർഘദിവ്യോപദേശങ്ങൾ
സഭയിൽനിന്നു
കൊണ്ടുവരികയും നിന്റെ ശിഷ്യനായ
വിശുദ്ധ തോമാശ്ലീഹാ വഴിയായി
ഞങ്ങളുടെ പിതാക്കന്മാരോട് അവ ഉപദേശിക്കയും
ചെയ്ത ഈശോയേ, അങ്ങ്
എന്നെ ആചാര്യപദത്തിൽ നിയമിച്ചതുമുതൽ
ഈ ഇരുപത്തഞ്ചു വത്സരങ്ങളിലായി
എനിക്കു നൽകിയ സകല അനുഗ്രഹങ്ങളെയും കുറിച്ചുള്ള
കൃതജ്ഞതയുടെ ഒരു വിനീത സ്മാരകമായി
ഈ പുതിയനിയമവിവർത്തനം
ഞങ്ങളുടെ പിതാവായ വി. തോമാശ്ലീഹായുടെ കൈകളാൽ
തന്നെ അങ്ങയുടെ തൃപ്പാദങ്ങളിൽ
സമർപ്പിച്ചുകൊള്ളുന്നു.

വിവർത്തകൻ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

Nihil obstat

Fr. William, T O. C. D.

Mannanam, 27th Feb. 1938.

Fr Placid, T. O. C. D.

Chethipuzhay, 28th Feb. 1938.

ensores deputati.

Imprimi potest.

FR. BARTHOLOMEW of Jesus, T. O. C. D.,

Prior General.

Mannanam,
3rd March 1938.

Imprimatur.

(*Haec versio a Patre Emmanuel C. D. Malabarica ex cod. Pschitta, Actus Apostolorum, S. Pauli epistolarum necnon Catholicarum S. Jacobi, S. Petri, S. Joannis, et S. Judae, denique Apocalypsis S. Joannis Apostoli.*)

† JAMES KALACHERRY,

Ep. Changanacherry.

Ab. Aed. Ep. Changanacherry,
7a Martii, 1938,
Fest, S. Thomae Aquinatis.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

ആശീർവാദങ്ങൾ.

പരിശുദ്ധ പിതാവു്
ഫ്രാം പീയോസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു്
അത്യുന്നത ഡെലിഗെറ്റ് അപ്പൊസ്തോലിക്ക്
ലിയോ പി. കിയെർക്കെൽസ് സി. പി. മുഖേന
'പഞ്ചഗ്രന്ഥി', 'സുവിശേഷങ്ങൾ' ഇവയുടെ വിവർത്തനങ്ങൾക്കു
കരുണാപുരസ്സരം കല്പിച്ചു തന്നരുളിയ

ആശീർവാദം.

Apostolic Delegation Bangalore,
6375/36. *February 22, 1936.*

Very Rev. Dear Father,

With reference to my letter N. 5353/35, I am happy to inform you that His Eminence Cardinal Pacelli by prot. 153403 has written me as follows:

"The Holy Father has accepted with pleasure the Pentateuch and the Gospels translated into Malayalam from the Syriac, so reverentially offered him by Your Excellency.

The august Pontiff thanks you for solicitude and confides to you the charge of conveying to the translator, Rev. Father Emmanuel of the Holy Ghost, T. O. C. D., his hopes that this version may serve to make ever more known and loved the word of God.

The Vicar of Christ moreover wishes to strengthen these hopes with the Apostolic Blessing as a pledge of heavenly assistance."

I am happy to convey the above message to you with the request that you communicate it to Father Emmanuel.

With kindest regards and cordial greetings,

I remain.
Yours devotedly,
(*Sd*)
Delegate Apostolic.

The V. Rev. Fr. Sylvester,
Prior General T. O C. D.,
Thevara.

True copy
Fr. Sylvester T. O. C. D.

ആണ്ടുവട്ടം മുഴുവനിലുമുള്ള എല്ലാ ഞായറാഴ്ചകളിലും, കടമയുള്ള ദിവസങ്ങളിലും, ലത്തീൻ, സുറിയാനി പഞ്ചാംഗങ്ങൾ അനുസരിച്ചുള്ള ഏറ്റവും പ്രധാന തിരുനാളുകളിലും വായിക്കപ്പെടുന്ന

ലേഖനങ്ങളുടെയും സുവിശേഷങ്ങളുടെയും പട്ടിക.

(പ. നി. ഗ്രന്ഥഭാഗങ്ങൾ തത്തൽസ്ഥാനങ്ങളിൽ കാണിച്ചിരിക്കുന്ന അടയാളത്തിൻകീഴ് ഒട്ടുവിൽ ചേത്തിരിക്കുന്നു.)

ഞായർ, തിരുനാൾ.	ലേഖനം.	സുവിശേഷം.
ആഗമനം ൧-ാം ഞായർ.	റോമ. അ. ൧൩. വ. ൧൧ – ൧൪.	ലൂ. അ. ൨൧. വ. ൨൭–൩൩.
,, ൨–ാം ,,	റോമ. അ. ൧൫. വ. ൪–൧൩.	മത്താ. അ. ൧൧. വ. ൨–൧൦.
,, ൩–ാം ,,	പീലിപ്പോ. അ. ൪. വ. ൪–൭	യോഹ. അ. ൧. വ. ൧൯–൨൮.
,, ൪–ാം ,,	൧. കോറ. അ. ൪. വ. ൧–൫.	ലൂ. അ. ൩. വ. ൧–൯.
പിറവി. ൧–ാം കുബ്ബാന.	തെത്തോ. അ. ൨. വ. ൧൧–൧൫.	ലൂ. അ. ൨. വ. ൧–൧൪.
,, ൨–ാം ,,	തെത്തോ. അ. ൩. വ. ൪–൭.	ലൂ. അ. ൨. വ. ൧൫–൨൦.
,, ൩–ാം ,,	എബ്രാ. അ. ൧. വ. ൧–൧൨.	യോഹ. അ. ൧. വ. ൧–൧൪.
വി. എസ്തപ്പാനോസ്.	നട. അ. ൬ വ. ൮–൧൦; അ. ൭. വ. ൫൪–൬൦.	മത്താ. അ. ൨൩. വ. ൩൪–൩൯.
,, യോഹന്നാൻ ഏവൻഗേ.	ബർസീ. അ. ൧൫. വ. ൧–൬. (൧)	യോഹ. അ. ൨൧. വ. ൨൦–൨൪.
,, കുഞ്ഞിപ്പൈതങ്ങൾ.	വെളി. അ. ൧൪. വ. ൧–൫.	മത്താ. അ. ൨. വ. ൧൩–൧൮.
,, തോമാക്കാൻറർബറി.	എബ്രാ. അ. ൫ വ. ൧–൬.	യോഹ. അ. ൧൦. വ. ൧൧–൧൬.
,, സിൽവെസ്ത്രോസ്.	൨. തിമാ. അ. ൪. വ. ൧–൮.	ലൂ. അ. ൧൨. വ. ൩൫–൪൦.
പരിച്ഛേദനം.	തെത്തോ. അ. ൨. വ. ൧൧–൧൪.	ലൂ. അ. ൨. വ. ൨൧.
ഈശോ എന്ന തിരുനാമം.	നട. അ. ൪. വ. ൮–൧൨.	ലൂ. അ. ൨. വ. ൨൧.
ദനഹാ.	ഏശ. അ. ൬൦. വ. ൧–൬. (൨)	മത്താ. അ. ൨. വ. ൧–൧൨.
ദനഹാ ഇടഞായർ.	റോമ. അ. ൧൨. വ. ൧–൫.	ലൂ. അ. ൨. വ. ൪൨–൫൨.
,, ൨–ാം ,,	റോമ. അ. ൧൨. വ. ൩–൬൬.	യോഹ. അ. ൨. വ. ൧–൧൧.
,, ൩–ാം ,,	റോമ. അ. ൧൨. വ. ൬൩–൨൧.	മത്താ. അ. ൩. വ. ൧–൧൩.

Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഞായർ, തിരുനാൾ.

ദൈന്‌ഹാ ര-ാം ഞായർ.
,, ദ-ാം ,,
,, ന-ാം ,,
മൂന്നുനോമ്പ് ക-ാം ദിവസം.
,, ഫ-ാം ,,

,, ന-ാം ,,
എഴുപതാം ഞായർ.
അറുപതാം ,,

അമ്പതാം ,,
പിഭ്രുതിത്തിരുനാൾ.
വലിയനോമ്പ് ക-ാം ഞായർ.
,, ഫ-ാം ,,
,, ന-ാം ,,
,, ര-ാം ,,
പീഡാനുഭവ ,,
ഓശാന ,,
പെസ്ഹാ വ്യാഴം.
ദുഃഖവെള്ളി.
ദുഃഖശനി.
ഉയിർപ്പുഞായർ.
,, തിങ്കൾ.
,, ചൊവ്വാ.

ലേഖനം.

റോമ. അ. ക്ന. വ. വ്യ-ക്ഠ.
കൊലൊ. അ. ന. വ. ക്ഫ-ക്ഏ.
ക. തെസ. അ. ക. വ. ഫ-ക്ഠ.
അപ്പൊ. അ. സ. വ. ക്ഠ-ഫര.
ക. കോറ. അ. ര. വ. ക്ര-ഫക;
അ. ദ. വ. ക-ദ; ൻ-ക്ന.
റോമ. അ. ക. വ. ക്വ-ഫദ.
ക. കോറ. അ. ൻ. വ. ഫര-അ. ക്ഠ. വ. ദ.
ഫ. കോറ. അ. ക്ക. വ. ക്ൻ—
അ. ക്ഫ. വ. ൻ.
ക. കോറ. അ. ക്ന വ. ക-ക്ന.
യൂയേ. അ. ഫ. വ. ക്ഫ-ക്ൻ. (ന)
ഫ. കോറ. അ. സ. വ. ക-ക്ഠ.
ക. തെസ. അ. ര. വ. ക-ഏ.
അപ്പൊ. അ. ദ. വ. ക-ൻ.
ഗാല. അ ര. വ. ഫഫ-അ. ദ. വ. ക.
എബ്രാ. അ. ൻ. വ ക്ക-ക്ദ.
പീലിപ്പോ. അ. ഫ. വ. ദ-ക്ക.
ക. കോറ. അ. ക്ക. വ. ഫഠ-ന്ഫ.
പുറ. അ. ക്ഫ. വ. ക-ക്ക. (ര)
കൊലൊ. അ. ന. വ. ക-ര.
ക. കോറ. അ. ദ. വ. ഏ, വ്വ.
നട. അ. ക്ഠ. വ. ന്ഫ-ര്ന.
നട. അ. ക്ന. വ. ഫന-ന്ന.

സുവിശേഷം.

മത്താ. അ വ്വ. വ. ഫന-ഫഏ.
മത്താ. അ. ക്ന. വ. ഫര-ന്ഠ.
മത്താ. അ. ക്ന. വ. ന്ക-ന്ദ.
ലൂ. അ. ക്ക. വ. ക-ക്ന.
മത്താ. അ. ദ. വ. ന്വ്വ—
അ. സ. വ. ര.
മത്താ. അ. ദ. വ. ക്ഏ-ന്ഫ.
മത്താ. അ. ഫ. വ. ക-ക്സ.
ലൂ. അ. വ്വ. വ. ര-ക്ദ.

ലൂ. അ. ക്വ്വ. വ. ന്ക-ര്ന.
മത്താ. അ. സ. വ. ക്സ-ഫക.
മത്താ. അ. ര. വ. ക-ക്ക.
മത്താ. അ. ക്ഏ. വ. ക-ൻ.
ലൂ. അ. ക്ക. വ. ക്ര-ഫവ്വ.
യോഹ. അ. സ. വ. ക-ക്ദ.
യോഹ. അ. വ്വ. വ. ര്സ്സ-ദൻ.
മത്താ. അ. ഫന; അ. ഫഏ.
യോഹ. അ. ക്ന. വ. ക-ക്ദ.
യോഹ. അ. ക്വ്വ; അ. ക്ൻ.
മത്താ. അ. ഫവ്വ. വ. ക-ഏ.
മർക്കോ. അ. ക്സ്സ. വ. ക-ഏ.
ലൂ. അ. ഫര. വ. ക്ന-ന്ദ.
ലൂ. അ. ഫര. വ. ന്സ്സ-ര്ഏ.

Christian Musicological Society of India

ഞായർ, തിരുനാൾ.

പുതുഞായർ.
ഉയിർപ്പു ൨-ാം ഞായർ.
,, ൩-ാം ,,
വി. യൌ. മാദ്ധ്യസ്ഥ്യം.
ഉയിർപ്പു ൫-ാം ഞായർ.
,, ൫-ാം ,,
സ്വർഗ്ഗാരോഹണം.
സ്വർഗ്ഗാ. ഇടഞായർ.

പെന്തെക്കുസ്താ ഞായർ.
,, തിങ്കൾ.
,, ചൊവ്വാ.
ത്രിത്വ. തിരുനാൾ.
വി. കുർബ്ബാ. ,,
വി. കുർബ്ബാ. ഇടഞായർ.
തിരുഹൃദയത്തിരുനാൾ.
പെന്തെ. ൨-ാം ഞായർ.
,, ൫-ാം ,,
,, ൫-ാം ,,
,, ൭-ാം ,,
,, ൯-ാം ,,
,, ൻ-ാം ,,
,, ൧൦-ാം ,,

ലേഖനം

൧. യോഹ. അ. ൫. വ. ൫-൧൦.
൧. പത്രോ. അ. ൨. വ. ൨൧-൨൫.
൧. പത്രോ. അ. ൨. വ. ൧൧-൧൯.
സ്തു. അ. ൫൯. വ. ൨൨-൨൯. (൫)
യാക്കോ. അ. ൧. വ. ൧൫-൨൧.
യാക്കോ. അ. ൧. വ. ൨൨-൨൫.
നട. അ. ൧. വ. ൧-൧൧.
൧. പത്രോ. അ. ൫. വ. ൫-൧൧.

നട. അ. ൨. വ. ൧-൧൧
നട. അ. ൧൦. വ. ൫൨-൫൭.
നട. അ. ൭൭. വ. ൫൫-൫൫.
റോമ. അ. ൧൧. വ. ൯൯-൯൯.
൧. കോറ. അ. ൧൧. വ. ൨൯-൩൯.
൧. യോഹ. അ. ൯. വ. ൧൯-൨൭.
ഏശ. അ. ൧൨. വ. ൧-൯. (൯)
൧. പത്രോ. അ. ൫. വ. ൯-൧൧.
റോമ. അ. ൭൭. വ. ൧൭-൨൯.
൧. പത്രോ. അ. ൯. വ. ൭൭-൧൫.
റോമ. അ. ൯. വ. ൧൧-൧൧.
റോമ. അ. ൯. വ. ൧൯-൨൯.
റോമ. അ. ൭൭. വ. ൧൨-൧൫.
൧. കോറ. അ. ൧൦. വ. ൯-൧൯.
൧. കോറ. അ. ൧൨. വ. ൨-൧൧.

സുവിശേഷം.

യോഹ. അ. ൨൦. വ. ൧൯-൯൧.
യോഹ. അ. ൧൦. വ. ൧൧-൧൯.
യോഹ. അ. ൧൯. വ. ൧൯-൨൨.
ലൂ. അ. ൯. വ. ൨൧-൨൯.
യോഹ. അ ൧൯. വ. ൫-൧൫.
യോഹ. അ. ൧൯. വ. ൨൯-൯൦
മർക്കോ. അ. ൧൯. വ ൧൭-൨൦.
യോഹ. അ. ൧൫. വ. ൨൯-
അ. ൧൯. വ. ൭.
യോഹ. അ. ൧൭. വ. ൨൯-൯൧.
യോഹ. അ. ൯. വ. ൧൯-൨൧.
യോഹ. അ. ൧൦ വ. ൧-൧൦.
മത്താ. അ. ൨൭. വ. ൧൭-൨൦.
യോഹ. അ. ൯. വ. ൫൯-൫൯.
ലൂ. അ. ൧൭. വ. ൧൯-൨൭.
യോഹ അ. ൧൯. വ. ൯൧-൯൫.
ലൂ അ. ൧൫. വ. ൧-൧൦.
ലൂ. അ. ൫. വ ൧-൧൧.
മത്താ. അ. ൫. വ. ൨൦-൨൭.
മർക്കോ. അ. ൭. വ. ൧-൯.
മത്താ. അ. ൬. വ. ൫൫-൫൭.
ലൂ. അ. ൧൯. വ. ൧-൯.
ലൂ. അ. ൧൯. വ. ൫൧-൫൬.
ലൂ. അ. ൧൭. വ. ൯-൧൭.

Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഞായർ, തിരുനാൾ.

പെന്തെ. ക്രമം ഞായർ.
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
,, ക്രമം ,,
വിശുദ്ധഗിവറുഗീസ് തിരുനാൾ.

,, അപ്രേം ,,
,, പത്രോ., പൌലോ. ,,
,, തോമാശ്ലീഹാ ,,
,, കൊച്ചുത്രേസ്യാ ,,
ഈശോ. രാജത്വം ,,
സകല വിശുദ്ധർ ,,
മരിച്ചവർ ,,
വി. ഫ്രൻസി. ക്സെവിയർ ,,

ലേഖനം.

ക. കോറ. അ. ക്രമം. വ. ക്ര–ക്രം.
റ. കോറ. അ. ന. വ. ര–ൻ.
ഗാല. അ. ന. വ. ക്രന്ത–റ്റ.
ഗാല. അ. ങ. വ. ക്രന്ത–റ്റ്ര.
ഗാല. അ. ങ. വ. റ്റങ–അ. ന്ത. വ. ക്രം.
അപ്പൊ. അ. ന. വ. ക്രന–റ്റ.
അപ്പൊ. അ. ര. വ. ക്ര–ന്ത.
ക. കോറ. അ. ക. വ. ര–വ്വ.
അപ്പൊ. അ. ര. വ. റ്റന–റ്റവ്വ.
അപ്പൊ. അ. ങ. വ. ക്രങ–റ്റക്ര.
അപ്പൊ. അ. ന്ത. വ. ക്രം–ക്രെ.
പീലിപ്പോ. അ. ക. വ. ന്ത–ക്രക്ര.
പീലിപ്പോ. അ.ന.വ.ക്രെ–അ.ര.വ.ന.
കൊലൊ. അ. ക. വ. ൻ–ക്രര.
റ. തിമാ. അ. റ. വ. വ്വ–ക്രം:
അ. ന. വ. ക്രാ–ക്രറ.
റ. തിമാ. അ. ര. വ. ക്ര–വ്വ.
നട. അ. ക്രറ. വ. ക്ര–ക്രക്ര
അപ്പൊ. അ. റ. വ. ക്രൻ–റ്ററ.
ഏശ. അ. ന്തന്ത. വ. ക്രറ–ക്രര. (൬)
കൊലൊ. അ. ക. വ. ക്രറ–റ്റം.
വെളി. അ. ൈ. വ. റ–ക്രറ.
ക. കോറ അ. ക്രങ. വ. ങക്ര–ങ്ങ
റോമ. അ. ക്രം. വ. ക്രാ–ക്രവ്വ.

സുവിശേഷം.

മക്കോ. അ. ൈ. വ. ന്ത–ന്തൈ.
ലൂ. അ. ക്രം. വ. റന്ത–ന്തൈ.
ലൂ. അ. ക്രൈ. വ. ക്രക്ര–ക്രൻ.
മത്താ. അ. ന്ത. വ. റര–ന്തന്ത.
ലൂ. അ. ൈ. വ. ക്രക്ര–ക്രന്ത.
ലൂ. അ. ക്രര. വ. ക്ര–ക്രക്ര.
മത്താ. അ. ററ. വ. നങ–ര്ന്ത.
മത്താ. അ. ൻ. വ. ക്ര–വ്വ.
മത്താ. അ. ററ. വ. ക്ര–ക്രര.
യോഹ. അ. ര. വ. ര്ന്ത–ങ്ങന.
മത്താ. അ. ക്രവ്വ. വ. റന–ന്തങ.
മത്താ. അ. ററ. വ. ക്രങ–റ്റക്ര.
മത്താ. അ. ൻ. വ. ക്രവ്വ–റന്ത.
മത്താ. അ. റര. വ. ക്രങ–ന്തങ.
യോഹ. അ. ക്രങ. വ. ക്ര–ൈ.

മത്താ. അ. ങ. വ. ക്രന–ക്രൻ.
മത്താ. അ. ക്രന്ത. വ. ക്രന–ക്രൻ.
യോഹ. അ. ററ. വ. റര–റൻ.
മത്താ. അ. ക്രവ്വ. വ. ക്ര–ര.
യോഹ അ. ക്രവ്വ. വ. നന–ന്തൈ.
മത്താ. അ. ങ. വ. ക്ര–ക്രറ.
യോഹ. അ. ങ. വ റങ–റൻ.
മക്കോ. അ. ക്രന്ത. വ. ക്രങ–ക്രവ്വ.

Christian Musicological Society of India

(൫) ദൈവത്തെ ഭയപ്പെടുന്നവനോ ഇപ്രകാരം പ്രവർത്തിക്കും. നിയമം പഠിക്കുന്നവൻ അതിൽ വ്യാപരിക്കും. അവൾ അമ്മയെപ്പോലെ അവനെ സ്വീകരിക്കും; യൌവനത്തിലെ ഭാര്യയെപ്പോലെ അവനെ സമീപിപ്പിക്കും. അവൾ ജ്ഞാനത്തിന്റെ അപ്പം അവനെ തീറ്റും; വിവേകത്തിന്റെ ജലം അവനെ കുടിപ്പിക്കും. അവൻ അവളെ ചാരിനില്ക്കും; അവൻ വീഴുകയില്ല: അവളിൽ ആശ്രയിക്കും; അവൻ ലജ്ജിക്കയില്ല. അവന്റെ സകല കൂട്ടുകാരിൽനിന്നും അവനെ ഉയർത്തും. അവൾ സംഘത്തിൽ അവന്റെ വായ് തുറക്കും. സന്തോഷവും ആനന്ദവുംകൊണ്ടു അവനെ നിറയ്ക്കും. നിത്യമായുള്ള നാമത്തിനു അവനെ അവകാശമാക്കുകയുംചെയ്യും.

(൬) (ഓറെല്ലേമേ,) എഴുന്നേല്ക്കുക, പ്രകാശിക്കുക. എന്തെന്നാൽ നിന്റെ പ്രകാശം അടുത്തിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെമേൽ ഉദിക്കും. എന്തുകൊണ്ടെന്നാൽ ഇതാ! അന്ധകാരം ഭൂമിയെയും ക്ലേശരൂപ ജാതികളെയും മൂടുന്നു. നിന്റെമേലാകട്ടെ കർത്താവു് ഉദിക്കും. അവന്റെ മഹത്വം നിന്റെമേൽ കാണപ്പെടും. പുറജാതികൾ നിന്റെ പ്രകാശത്തിലേക്കും, രാജാക്കന്മാർ നിന്റെ ഉദയത്തിന്റെ ശോഭയിലേക്കും വരും. നിന്റെ ചുറ്റിലേക്കു നിന്റെ കണ്ണുകൾ ഉയർത്തി, എല്ലാവരും ഒരുമിച്ചുകൂടി നിന്റെ അടുക്കലേക്കു വരുന്നതു നോക്കുക. നിന്റെ പുത്രന്മാർ ദൂരത്തുനിന്നുവരും. നിന്റെ പുത്രിമാർ തൊട്ടികളിൽ വളർത്തപ്പെടും. അപ്പോൾ നീ കാണുകയും, ശോഭിക്കുകയും, സന്തോഷിക്കുകയും, നിന്റെ ഹൃദയം വികസിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ സമുദ്രത്തിലെ ധനം നിന്റെ അടുക്കലേക്കുതിരിയും. പുറജാതികളുടെ സമ്പത്തു നിന്റെ പക്കലേക്കുവരും. ഒട്ടകങ്ങളുടെ ക്കൂട്ടവും മെദ്യാനിലെയും ഏഫായിലെയും കടിഞ്ഞൂലുകളും നിന്നെ മൂടും. ശ്ബായിൽനിന്നുള്ളവരൊക്കെയും വരും. അവർ പൊന്നും, കുന്തുരുക്കവുംകൊണ്ടു വരും. അവർ കർത്താവിന്റെ സ്തുതികളെ അറിയിക്കയും ചെയ്യും.

(൭) ആകയാൽ നിങ്ങൾ ഉപവാസത്തോടും കരച്ചിലോടും വിലാപങ്ങളോടുംകൂടി നിങ്ങളുടെ മുഴുഹൃദയത്തോടേ എന്റെ അടുക്കലേക്കു തിരിയുവിൻ എന്നു കർത്താവു് അരുളിച്ചെയ്യുന്നു. നിങ്ങളുടെ വസ്ത്രങ്ങളെയല്ല, നിങ്ങളുടെ ഹൃദയങ്ങളെ കീറുവിൻ. നിങ്ങളുടെ ദൈവമായ കർത്താവിന്റെ പക്കലേക്കു തിരിയുവിൻ. എന്തുകൊണ്ടെന്നാൽ അവൻ കൃപയുള്ളവനും, കരുണയുള്ളവനും, ദീർഘശാന്തതയുള്ളവനും, അധികം നന്മയുള്ളവനും, തിന്മനീക്കിക്കളയുന്നവനുമാകുന്നു. അവൻ തിരിഞ്ഞു നമ്മോടു കരുണചെയ്യുകയും തന്റെ സ്ഥലത്തു അനുഗ്രഹവും നിങ്ങളുടെ ദൈവമായ കർത്താവിനു മാവും നൈവേദ്യവും ശേഷിപ്പിക്കയും ചെയ്യുകയില്ലയൊ എന്നു ആർക്കറിയാം? സെഹിയോനിൽ കാഹളം ഊതുവിൻ. ഉപവാസം നിയമിക്കുവിൻ. ക്കൂട്ടം വിളിച്ചുവരുത്തുവിൻ. ജനത്തെ ഒരുമിച്ചുകൂട്ടുവിൻ. സഭയെ വിശുദ്ധീകരിക്കുവിൻ. വൃദ്ധന്മാരെ ഒരുമിച്ചുചേർക്കുവിൻ. യുവാക്കന്മാരെയും മുലകുടിക്കുന്നവരെയും ഒരുമിച്ചുകൂട്ടുവിൻ. മണവാളൻ തന്റെ മുറിയിൽനിന്നും മണവാട്ടി തന്റെ മണവറയിൽനിന്നും പുറപ്പെടട്ടെ. കർത്താവിന്റെ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മദ്ധ്യേ(നിന്നുകൊണ്ടു):

Christian Musicological Society of India

കത്താവേ, നിന്റെ ജനത്തോട് ക്ഷമിക്കണമേ. അവരുടെ ദൈവം എവിടെയാകുന്നു എന്നു പുറജാതികൾ പറയാതിരിക്കേണ്ടതിനു നിന്റെ അവകാശത്തെ പുറജാതികളുടെ ആക്ഷേപത്തിനും അധികാരത്തിനും നീ കൊടുക്കരുതേ എന്നു വിലപിച്ചു പറയട്ടെ. കത്താവോ തന്റെ ദേശത്തിന്മേൽ തീക്ഷ്ണനായിത്തീരുകയും തന്റെ ജനത്തോട് ക്ഷമിക്കയും ചെയ്തു. എന്തെന്നാൽ കത്താവു് തന്റെ ജനത്തോട് ഉത്തരമായി അരുളിച്ചെയ്തു: ഇതാ! നിങ്ങൾ തൃപ്തരാകേണ്ടതിനു ഞാൻ നിങ്ങൾക്കു ധാന്യവും, വീഞ്ഞും, എണ്ണയും അയയ്ക്കുന്നു. പുറജാതികളുടെ നിന്ദക്കു ഇനി നിങ്ങളെ ഞാൻ കൈവിടുകയില്ല.

(൪) കത്താവു വീണ്ടും മെസ്രോൻദേശത്തുവെച്ചു മൂശെയോടും അഹ്റോനോടും അരുളിച്ചെയ്തു: ഈമാസം നിങ്ങൾക്കു മാസങ്ങളുടെ ആരംഭമായിരിക്കണം. ആണ്ടിലെ എല്ലാ മാസങ്ങളിലും ഇതു നിങ്ങൾക്കു ഒന്നാമത്തേതു് ആയിരിക്കണം. ഇസ്രായേൽമക്കളുടെ കൂട്ടം മുഴുവനോടും നിങ്ങൾ (ഇങ്ങനെ) പറയുവിൻ: ഓരോരുത്തൻ, തന്റെ പിതാവിന്റെ കുടുംബത്തിനു് ഒരു ആട്ടിൻകുട്ടി വീതമായി കുടുംബത്തിലേക്കു ഒരു ആട്ടിൻകുട്ടിവീതം ഈമാസം പത്താം രിയ്യതി തനിക്കുവേണ്ടി എടുക്കണം. എന്നാൽ കുടുംബം, ഒരു ആട്ടിൻകുട്ടി അതിൽ ചെലവാകാതിരിക്കത്തക്കവണ്ണം ചെറുതായിരുന്നാൽ, അവനും അവന്റെ വീട്ടിനു സമീപത്തുള്ള അവന്റെ അയൽക്കാരനുംകൂടി ആളുകളുടെ എണ്ണം അനുസരിച്ചു് എടുക്കണം. ഓരോരുത്തന്റെ ഭക്ഷണത്തിനു വേണ്ടിയ അളവനുസരിച്ചു കുഞ്ഞാടിനു് ആളുകളെ നിങ്ങൾ കണക്കാക്കണം. നിങ്ങളുടെ ആട്ടിൻകുട്ടി ഊനമില്ലാത്തതും ഒരു വയസ്സുള്ള ആണും ആയിരിക്കണം. ചെമ്മരിയാടുകളിൽനിന്നോ കോലാടുകളിൽനിന്നോ നിങ്ങൾ എടുത്തുകൊള്ളുവിൻ. ഈമാസം പതിന്നാലാം തിയ്യതിവരെ അതിനെ നിങ്ങൾ സൂക്ഷിക്കണം. പിന്നെ ഇസ്രായേൽമക്കളുടെ കൂട്ടത്തിലെ ജനം മുഴുവനും സൂര്യാസ്തമയത്തിൽ അതിനെ അറക്കണം. അവർ അതിന്റെ കുറെ രക്തം എടുത്തു ഇരു കട്ടിളപ്പടികളിന്മേലും, കുറുമ്പടികളിന്മേലും, അവർ അതു ഭക്ഷിക്കുന്ന വീടുകളിന്മേലും തളിക്കണം. അവർ അതിന്റെ മാംസം തീയിൽ ചുട്ടു ഈ രാത്രി ഭക്ഷിക്കണം. കൈപ്പുള്ള സസ്യങ്ങളോടുകൂടെ പുളിപ്പില്ലാത്ത അപ്പവും അവർ ഭക്ഷിക്കണം. അതിന്റെ തലയും, അതിന്റെ കാലുകളും, അതിന്റെ കുടലും ഒരുമിച്ചു തീയിൽ ചുട്ടല്ലാതെ പച്ചയായോ, വെള്ളത്തിൽ വേവിച്ചുതന്നെയോ അതിൽ യാതൊന്നും നിങ്ങൾ ഭക്ഷിക്കരുതു്. ഉഷസ്സിലേക്കു് അതിൽ യാതൊന്നും നിങ്ങൾ ശേഷിപ്പിച്ചുകൂടാ. ഉഷസ്സിലേക്കു അതിൽനിന്നു ശേഷിക്കുന്നതോ നിങ്ങൾ തീയിൽ ദഹിപ്പിക്കണം. നിങ്ങളുടെ അരകൾ കെട്ടിക്കൊണ്ടും, നിങ്ങളുടെ കാലുകളിൽ നിങ്ങളുടെ ചെരിപ്പുകളോടും, നിങ്ങളുടെ കൈകളിൽ നിങ്ങളുടെ വടികളോടുംകൂടിയും – ഇങ്ങനെ – നിങ്ങൾ അതു ഭക്ഷിക്കണം. നിങ്ങൾ തിടുക്കത്തോടെ അതു ഭക്ഷിക്കണം. എന്തെന്നാൽ കത്താവിനു പെസ്ഹാ ആകുന്നു.

(൫) യൌസേപ്പു് വളർച്ചയുടെ പുത്രൻ ആകുന്നു; വളർച്ചയുടെ പുത്രൻതന്നെ. ഉറവയായ നീ മതിലിന്മേൽ പൊങ്ങിനില്ക്കുന്ന ബലമുള്ള

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കെട്ടിടമായി വളരുക. അവരോ അവനോടു ശണ്ഠകൂടി. സമൂഹങ്ങളുടെ പ്രധാനികൾ അവനെ അധികമായി ദ്വേഷിച്ചു. അവന്റെ വില്ലു ശക്തിയോടുകൂടെ മടങ്ങിവന്നു. അവന്റെ കൈകളുടെ ഭുജങ്ങൾ യാക്കോബിന്റെ ബലവാന്റെ കൈകളാലും ഇസ്രായേലിന്റെ കല്ലായ ഇടയന്റെ നാമത്താലും ചിതറിക്കപ്പെട്ടു. നിന്റെ പിതാവിന്റെ ദൈവം നിന്നെ സഹായിക്കട്ടെ. സർവ്വശക്തനായ ദൈവം, മീതെ ആകാശത്തിന്റെ അനുഗ്രഹംകൊണ്ടും, കീഴെകിടക്കുന്ന ആഴത്തിന്റെ അനുഗ്രഹംകൊണ്ടും, മുലകളുടെയും ഉദരത്തിന്റെയും അനുഗ്രഹംകൊണ്ടും നിന്നെ അനുഗ്രഹിക്കട്ടെ. നിന്റെ പിതാവിന്റെ അനുഗ്രഹങ്ങൾ എന്റെ ജനകന്മാരുടെ അനുഗ്രഹങ്ങൾക്കു മീതെ നിത്യകുന്നുകളുടെ ശരണംവരെ പ്രബലപ്പെട്ടു. അവ യൊസേപ്പിന്റെ തലയിലും അവന്റെ സഹോദരന്മാരുടെ കിരീടത്തിന്റെ ഉച്ചിയിലും ആയിരിക്കട്ടെ.

(൯) ആ നാളിൽ നീ (ഇങ്ങനെ) പറയും: കർത്താവേ, നീ എന്നോടു കോപിച്ചു എങ്കിലും നിന്റെകോപം നീ മാറിക്കളയുകയും എന്നെ ആശ്വസിപ്പിക്കുകയും ചെയ്തതിനെക്കുറിച്ചു നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. ഇതാ! എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ എന്റെ ബലവും എന്റെ മഹത്വവും കർത്താവാകുന്നു. അവൻ എനിക്കു രക്ഷയായിത്തീരും. രക്ഷയുടെ ഉറവയിൽനിന്നു നിങ്ങൾ സന്തോഷത്തോടുകൂടി വെള്ളംകോരും. ആ നാളിൽ നിങ്ങൾ (ഇങ്ങനെ) പറയും: നിങ്ങൾ കർത്താവിനു സ്തോത്രം ചെയ്യുവിൻ, അവന്റെ നാമം വിളിക്കുവിൻ. അവന്റെ പ്രവൃത്തികൾ പുറജാതികളുടെ ഇടയിൽ അറിയിക്കുവിൻ. അവന്റെ നാമം ബലമുള്ളതാകുന്നു എന്നു ഓർക്കുവിൻ. നിങ്ങൾ കർത്താവിനു (കീർത്തനം) പാടുവിൻ. എന്തുകൊണ്ടെന്നാൽ അവൻ മഹത്തായ കാര്യം ചെയ്തിരിക്കുന്നു. ഇതു ഭൂമിയിലെങ്ങും പ്രസിദ്ധമായുമിരിക്കുന്നു. സെഹിയോൻനിവാസികളേ, നിങ്ങൾ സന്തോഷിച്ചു പുകഴ്ത്തുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ മദ്ധ്യേ ഇരിക്കുന്ന ഇസ്രായേലിന്റെ പരിശുദ്ധൻ വലിയവനാകുന്നു.

(൬) കർത്താവു് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ! ഞാൻ നദിപോലെയും, കവിഞ്ഞൊഴുകുന്ന തോടുപോലെയും അവൾക്കു സമാധാനം അയയ്ക്കും. പുറജാതികളുടെ മഹത്വം നിങ്ങൾ കുടിയ്ക്കും. നിങ്ങൾ തൊട്ടിലുകളിൽ വഹിക്കപ്പെടുകയും മടിയിൽ വളർത്തപ്പെടുകയും ചെയ്യും. ഒരു മനുഷ്യനെ അവന്റെ അമ്മ ആശ്വസിപ്പിക്കുന്നതു എങ്ങനെയോ അങ്ങനെതന്നെ നിങ്ങളെ ഞാൻ ആശ്വസിപ്പിക്കും നിങ്ങൾ ഓർശ്ലേമിൽ ആശ്വസിപ്പിക്കപ്പെടും. നിങ്ങൾ കാണുകയും നിങ്ങളുടെ ഹൃദയം ആനന്ദിക്കുയും ചെയ്യും. നിങ്ങളുടെ അസ്ഥികൾ പച്ചപുല്ലുപോലെ ആഹ്ലാദിക്കും. കർത്താവിന്റെ കൈ അവന്റെ ദാസന്മാർക്കു് അറിയപ്പെടും.

Christian Musicological Society of India

പുതിയനിയമഗ്രന്ഥങ്ങൾ.

ഗ്രന്ഥനാമം.	അദ്ധ്യായം.	പുറം.
മത്താ.	൨൮	൧.
മർക്കോ.	൧൬.	൧൧൯.
ലൂ.	൨൪.	൧൫൯.
യോഹ.	൨൧.	൨൭൬.
നട.	൨൮.	൬൩൫.
റോമ.	൧൬.	൪൯൪.
൧. കോറ.	൧൬.	൪൩൬.
൨. കോറ.	൧൩.	൩൨൦.
ഗാല.	൬.	൬൬൧.
അപ്പെ.	൬.	൬൮൪.
പീലിപ്പോ.	൪.	൨൪.
കൊലൊ.	൪.	൨൧൮.
൧. തെസ.	൫.	൬൧൧.
൨. തെസ.	൩.	൪൪൪.

ഗ്രന്ഥനാമം.	അദ്ധ്യായം.	പുറം.
൧. തിമാ.	൬.	൭൬൩.
൨. തിമാ.	൪.	൭൨൨.
തെത്തോ.	൩.	൭൨൭.
പീലി.	൧.	൬൫൨.
എബ്രാ.	൧൩.	൬൫൭.
യാക്കോ.	൫.	൭൪൪.
൧. പത്രോ.	൫.	൭൬൬൬.
൨. പത്രോ.	൩.	൭൭൩.
൧. യോഹ.	൫.	൭൬൯.
൨. യോഹ.	൧.	൬൮൨.
൩. യോഹ.	൧.	൬൮൩.
യൂദാ.	൧.	൬൮൬.
വെളി.	൨൨.	൬൮൪.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വിശുദ്ധഗ്രന്ഥം വായിക്കുന്നതിനുമുമ്പായി ചെയ്യുവാൻ തക്ക

ഒരു പ്രാർത്ഥന.

(കാനോൻ ജപം.)

പിതാവും പുത്രനും പരിശുദ്ധാത്മാവുമായി നിത്യം സർവ്വാധിപതിയായിരിക്കുന്ന കർത്താവേ, നിന്റെ ഉപദേശത്തിന്റെ ഉത്തമവിത്ത് ഞങ്ങളുടെ ഹൃദയങ്ങളിൽ നീ വിതയ്ക്കുകയും, അതു നിന്റെ ഇഷ്ടമനുസരിച്ചു വളർന്ന് നാഥനായ നിനക്കു പ്രസാദിക്കുന്ന ഫലങ്ങൾ ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും പുറപ്പെടുത്തേണ്ടതിനു നിന്റെ നന്മയുടെ മഴ ഞങ്ങളുടെമേൽ പെയ്യിക്കുകയും ചെയ്യണമേ.— ആമേൻ.

Christian Musicological Society of India

വിശുദ്ധ ഗ്രന്ഥം.

പുതിയ നിയമം.

വി. മത്തായി എഴുതിയ സുവിശേഷം.

മ്ശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുത്തനായ വി. മത്തായി ശ്ലീലാദേശീയനും ഹൽഫൈയുടെ പുത്രനുമായ ഒരു യഹൂദനും മുങ്കം പിരിക്കുന്ന ജോലിക്കാരനുമായിരുന്നു. അദ്ദേഹത്തിനു ലേവി എന്നുകൂടി പേർ പറഞ്ഞുകാണുന്നുണ്ട്. (മർക്കോ. അ. ൨. വ. ൧൪: ലൂ. അ. ൫. വ. ൨൭.)— അദ്ദേഹം ദൂരസ്ഥലങ്ങളിൽ മതപ്രസംഗം ചെയ്യുവാൻ പോകയിൽ, യൂദാരാജ്യത്തു ക്രീസ്തുമതം സ്വീകരിച്ചിരുന്ന യഹൂദന്മാരുടെ അപേക്ഷയും ശിഷ്യന്മാരുടെയും ശ്ലീഹന്മാരുടെയും ആഗ്രഹവും അനുസരിച്ചു, ന. കത്താവിന്റെ സുവിശേഷം, രക്ഷകന്റെ മരണാനന്തരം ൮–ാംവത്സരത്തിൽ, എന്നുവെച്ചാൽ ക്രിസ്താബ്ദം ൪൧–ൽ, ഓറെശ്ലെത്തുവെച്ചു എഴുതി. ന. കത്താവിന്റെ സുവിശേഷം ആദ്യമായി എഴുതിയതു ഇദ്ദേഹമാണ്. യഹൂദന്മാർ അക്കാലത്തു സംസാരിച്ചിരുന്നതും ആധുനിക എബ്രായ എന്നുകൂടി അപരനാമമുള്ളതുമായ കൽദായസുറിയാനിഭാഷയിലാണു ഈ സുവിശേഷം വിരചിതമായതു്. ഈ സുവിശേഷത്തിന്റെ ഒരു പ്രതി വി. തോമാശ്ലീഹാ ഇൻഡ്യയിൽ കൊണ്ടുവരികയും, നിരണത്തു മാളിയേക്കൽ തോമാ എന്ന തന്റെ വിശ്വസ്തശിഷ്യനു അതു എഴുതിച്ചുകൊടുക്കയും, പിന്നീടു കേരളത്തിൽ എത്തിയ വി. പന്തേനോസ് അതു അലക്സാന്ത്രിയായിലേക്കു കൊണ്ടുപോകയും ചെയ്തതായി ചില ചരിത്രലക്ഷ്യങ്ങളിൽനിന്നു അനുമാനിക്കാവുന്നതാണ്. അലക്സാന്ത്രിയാമഹാഗ്രന്ഥശാലയുടെ അദ്ധ്യക്ഷനായിരുന്ന പന്തേനോസ് ആ സുവിശേഷം ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരുന്നെന്നും, മഹമ്മദീയരുടെ ആക്രമണത്തിൽ മറ്റു പുസ്തകങ്ങളോടുകൂടി അതും അഗ്നിക്കു ഇരയായിത്തീർന്നെന്നുമാണു കരുതപ്പെടുന്നതു്. പ്രസ്തുത സുവിശേഷത്തിന്റെ വേറൊരു പ്രതി വി. ബർനബാ സൈപ്രസിലേക്കു (Cyprus) കൊണ്ടുപോകയുണ്ടായെന്നും അതു അദ്ദേഹത്തിന്റെ മൃതശരീരത്തോടൊന്നിച്ചു പിൽക്കാലത്തു കണ്ടെത്തപ്പെട്ടു എന്നും പറയുന്നവരുണ്ട്. വി. യാക്കോബുശ്ലീഹാ ഈ സുവിശേഷം വിവരിച്ചുകൊണ്ടു ഓറെശ്ലെത്തു പ്രസംഗം നടത്തിയിട്ടുള്ളതായും പറയപ്പെടുന്നു.— വി. മത്തായി എഴുതിയ സുവിശേഷം ശ്ലീഹന്മാരുടെ കാലത്തുതന്നെ ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടുകയും, തൻമൂലം അതിനു മൂലത്തോടൊപ്പം പ്രാമാണ്യവും വിശ്വാസ്യതയും സിദ്ധിക്കയും ചെയ്തു. വി. എ

Christian Musicological Society of India

നിങ്ങൾക്കു സാക്ഷിപ്പെടുത്തുവാനായി ഈശോ ആകുന്ന ഞാൻ എന്റെ മാലാക്കായെ അയച്ചു. ഞാൻ ദാവീദിന്റെ വേരും, വംശവും, പ്രകാശമുള്ള ഉദയനക്ഷത്രവുമാകുന്നു.

൧൭. വരിക, എന്നു ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും: വരിക എന്നു പറയട്ടെ. ദാഹിക്കുന്നവൻ വരട്ടെ. ഇച്ഛിക്കുന്നവൻ ജീവജലം സൌജന്യമായി സ്വീകരിക്കട്ടെ. [ഏശ. അ. ൫൫. വ. ൧: വെളി. അ. ൨൧. വ. ൬.]

൧൮. ഈ പുസ്തകത്തിലെ പ്രവചനവാക്കുകൾ കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷിപ്പെടുത്തി പറയുന്നു: ആരെങ്കിലും അവയോട്ടു (എന്തെങ്കിലും) കൂട്ടിച്ചേർത്താൽ ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ബാധകൾ ദൈവം അവന്റെമേൽ വരുത്തിക്കൂട്ടും.

൧൯. ഈ പ്രവചനപുസ്തകത്തിലെ വാക്കുകളിൽനിന്നു ആരെങ്കിലും (എന്തെങ്കിലും) നീക്കിക്കളഞ്ഞാലോ ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ആയുസ്സിന്റെ വൃക്ഷത്തിലും, വിശുദ്ധനഗരത്തിലും നിന്നു അവന്റെ അംശം ദൈവം നീക്കിക്കളയും.

൨൦. ഇവയെ സാക്ഷിപ്പെടുത്തുന്നവൻ പറയുന്നു: അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ ഈശോയേ, വരണമേ.

൨൧. നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ കൃപ സകല വിശുദ്ധന്മാരോടുംകൂടി (ഇരിക്കുമാറാകട്ടെ). ആമേൻ.

വ്യാഖ്യാനം.

൧, ൨. "ദൈവത്തിന്റേയും കുഞ്ഞാടിന്റേയും സിംഹാസനത്തിൽനിന്നു പുറപ്പെട്ടു . . . നദി": പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവിനെയാണ് ഈ നദി സൂചിപ്പിക്കുന്നതെന്നു ചിലരും, പരിശുദ്ധാത്മാവിന്റെ വരങ്ങളെയും ദാനങ്ങളെയുമാണ് സൂചിപ്പിക്കുന്നതെന്നു വേറെ ചിലരും പറയുന്നു. – ദൈവത്തെയും മ്ശീഹായെയും കാണുകയും അനുഭവിക്കുകയും ചെയ്തുകൊണ്ടു വിശുദ്ധന്മാരിൽ കവിഞ്ഞൊഴുകുന്ന മനസ്സമാധാനം, സന്തോഷം, സകലകാര്യങ്ങളെയും കുറിച്ചുള്ള ജ്ഞാനം, ശരീരത്തിന്റെ പൂർണ്ണമായസുഖം, സൂക്ഷ്മത, ശക്തി, പ്രകാശം, അക്ഷയത്വം മുതലായ നന്മകളുടെ ധാരാളത്വമാണ് ആയുസ്സിന്റെ ജലവും വൃക്ഷവും കാണിക്കുന്നതെന്നാണ് മുഖ്യമായ അഭിപ്രായം. വൃക്ഷം എന്നു ഇവിടെ പറയുന്നതിനു നാനാതരത്തിലുമുള്ള വൃക്ഷജാലങ്ങൾ എന്നു ഗ്രഹിക്കേണ്ടതാണ്. പർദൈസായുടെ മദ്ധ്യത്തിൽ നിന്നിരുന്ന ആയുസ്സിന്റെ വൃക്ഷത്തെ ഇവിടെ കാണുന്ന വൃക്ഷം നമ്മെ അനുസ്മരിപ്പിക്കുന്നു. പർദൈസായിൽ ഒരു വൃക്ഷംമാത്രമേ മനുഷ്യനു അമർത്യത നൽകിയിരുന്നുള്ളൂ. സ്വർഗ്ഗീയ പർദൈസായിലാകട്ടെ ഏതു വൃക്ഷവും ആയുസ്സിനെ പ്രദാനം ചെയ്യുന്നതാണ്. അവയുടെ ഇലകൾപോലും ഔഷധമായിരുന്നു. – വൃക്ഷങ്ങൾ പുണ്യപൂർണ്ണതയെയും, നദി കൃപാവരത്തെയും, അതിന്റെ ആരംഭം ദൈവഭയത്തെയും, വൃക്ഷത്തിന്റെ കൊമ്പുകൾ കല്പനകളെയും, ഫലങ്ങൾ സുകൃതാഭ്യസനം, പരിശുദ്ധാത്മാവിന്റെ ൭൨ ഫലങ്ങൾ ഇവയെയും സൂചിപ്പിക്കുന്നു എന്നു അഭിപ്രായമുള്ളവരുമുണ്ട്. – "പന്ത്രണ്ടു കനികൾ പുറപ്പെടുത്തുന്ന ആയുസ്സിന്റെ വൃക്ഷം. അതു ഏതുമാസത്തിലും ഫലം തരുന്നു": ഗ്രീ., ല. പ്രതികളിൽ പറഞ്ഞിരിക്കുന്നതും ഇങ്ങനെ തന്നെ. അറ., അന്തി. സുറി. പ്രതികളിൽ 'ഓരോ മാസത്തിലും ഓരോന്നായ ൭൨ ഫലങ്ങൾ തരുന്നു' എന്നാണ് വിവർത്തനം. ക്ലേശ. ലാകട്ടെ 'ഓരോ മാസത്തിലും

Christian Musicological Society of India

൨൨ ഫലങ്ങൾ തരുന്നു എന്നാണ് കാണുന്നത്. 'ഓരോ മാസത്തിലും തന്റെ ഫലം നൽകുന്നതായി പന്ത്രണ്ടു പ്രാവശ്യം കായിക്കുന്നു' എന്നു വെസ്റ്റ്മിൻസ്റ്റർ വിവർത്തനത്തിൽ കാണുന്നു.– വൃക്ഷം തിരുസ്സീബായാകുന്നു; മാസംതോറും ഫലംതരുന്നു എന്നതിനു് എപ്പോഴും ഫലം നൽകുന്നു എന്നർത്ഥം; ഇലകൾ സുവിശേഷബോധനം ഇങ്ങനെയും ചിലർ വ്യാഖ്യാനിക്കുന്നുണ്ടു്.

൩. "യാതൊരു ശാപവും ഇനിയുണ്ടാകയില്ല": ഗ്രീ., ല., അറ. പ്രതികളും കൽദ. യോടു യോജിക്കുന്നുണ്ടു്. ക്രൂശ.ൽ 'അശുദ്ധമായ യാതൊന്നും ഇനിയുണ്ടാകയില്ല' എന്നും, അന്തി. സുറിൽ '(ഇല) കൊഴിച്ചിൽ ഇനിയുണ്ടാകയില്ല' എന്നുമാണ് വിവർത്തനംചെയ്യുകാണുന്നതു്. രോഗം, നോവു്, കഷ്ടതകൾ, അടിമത്തം പരസേവനം ആദിയായി പാപത്തിന്റെയൊ ശാപത്തിന്റെയൊ യാതൊരു ഫലവും മേലാൽ അനുഭവിക്കുവാൻ ഇടവരികയില്ലെന്നു താല്പര്യം.– "അവന്റെ ദാസന്മാർ അവനു സേവചെയ്യും": രക്ഷപ്രാപിച്ചവർ ദൈവത്തെ സേവിക്കും. എന്നാൽ ഇതു അടിമത്തമൊ പരസേവനമൊ അല്ല. ദൈവത്തിനു സേവചെയ്യുക വാഴുകതന്നെയാണു്.(വ. ൭.)

൪. "അവന്റെ മുഖം അവർ കാണും": സ്വർഗ്ഗത്തിലെ സമ്പൂർണ്ണഭാഗ്യവും ദൈവത്തെ അഭിമുഖമായി കാണുന്നതിലാണു് നിക്ഷിപ്തമായിരിക്കുന്നതു്.– "അവന്റെ നാമം അവരുടെ നെറ്റിയിൽ": പുരാതനിയമത്തിലെ പ്രധാനാചാര്യന്റെ മസ്തകപ്പട്ടയിൽ മുൻവശത്തുണ്ടായിരുന്ന 'കർത്താവിനു വിശുദ്ധം' (പുറ. അ. ൨൮. വ. ൩൬, ൩൭) എന്ന അക്ഷരങ്ങൾകൊണ്ടു അദ്ദേഹം കർത്താവിനു പ്രതിഷ്ഠിതനാകുന്നു എന്നു പ്രത്യക്ഷപ്പെട്ടിരുന്നതുപോലെ വിശുദ്ധന്മാരുടെ നെറ്റിയിലുള്ള ദൈവനാമം അവർ ദൈവത്തിനു പ്രതിഷ്ഠിതരും ദൈവസ്നേഹഭാജനങ്ങളുമെന്നു കാണിക്കുന്നു. ഇതു എത്രവലിയ ബഹുമാനമാണു്!

൫. "പിന്നെ രാത്രി ഉണ്ടാകയില്ല": അ. ൨൧. വ. ൧–ൽ ആരംഭിച്ച സ്വർഗ്ഗീയ ഓറെശ്ലേമിന്റെ വിവരണം ഇവിടെ അവസാനിക്കുന്നു. അ. ൨൧. വ. ൨൬–ൽ പറഞ്ഞിട്ടുള്ളതിനെയാണു ഈ വാക്യം സ്ഥിരപ്പെടുത്തുന്നതു്.

൬. "പ്രവാചകന്മാരുടെ ആത്മാവിന്റെ ദൈവമായ കർത്താവു്": ശ്ലീഹന്മാക്കും പ്രവാചകന്മാക്കും പ്രവചനാത്മാവിനെ കൊടുക്കുന്ന ദൈവമായ കർത്താവു്– അഥ.ൽമാത്രം.'ദൈവമായ കർത്താവു് . . . പ്രവാചകന്മാരുടെ ആത്മാവിൽ തന്റെ ദൂതനെ അയച്ചു' എന്നാണു് അന്വയം. – "തന്റെ മാലാകയെ അയച്ചു": അന്തി. സുറി.ൽ മാത്രം 'തന്റെ മാലാകായായ എന്നെ അയച്ചു' എന്നു കാണുന്നു. – ഈ വാക്യം മുതൽ ഈ അദ്ധ്യായത്തിന്റെ അവസാനംവരെ പുസ്തകം മുഴുവന്റെയും ഒരു ഉപസംഹാരമാണു്. പറയപ്പെട്ട കാര്യങ്ങളുടെ യാഥാർത്ഥ്യത്തെപ്പറ്റി ദൂതൻ ഉറപ്പിച്ചു പറയുന്നു. പിന്നെ അവയെല്ലാം നിശ്ചയമായും സംഭവിക്കുമെന്നു ഈശോതന്നെ വാക്കുതരുന്നു. ഒടുവിൽ ഈ പ്രവചനങ്ങളെ ബഹുമാനപൂർവ്വം കരുതുവാൻ വി. യോഹന്നാൻ ഉപദേശിക്കുന്നു.

൭. "ഇതാ! ഞാൻ": അ. ൧൬. വ. ൧൭–ലെപ്പോലെ ഇവിടെ വ. ൭, ൧൨, ൧൩, ൧൬, ൨൦ ഇവയിലും മ്ശീഹാതന്നെയാണു സംസാരിക്കുന്നതു്. അഥവാ ദൂതൻ മ്ശീഹായുടെ പ്രതിപുരുഷസ്ഥാനത്തിൽ സംസാരിക്കുന്നു.

൮, ൯. "വണങ്ങുവാനായി ഞാൻ വീണു": അ. ൧൯. വ. ൧൦. വ്യ. നോക്കുക. – "നിന്നെറയും, ഈ പുസ്തകത്തിലെ വാക്കുകൾ കാക്കുന്ന പ്രവാചകന്മാരായ നിന്റെ സഹോദരന്മാരുടെയും": മറ്റുപ്രതികളിലെല്ലാം 'നിന്നെറയും, നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും, ഈ പുസ്തകത്തിലെ പ്രവചനങ്ങൾ കാക്കുന്നവരുടെയും' എന്നാണു കാണുന്നതു്.

Christian Musicological Society of India

ഫറ. "മുദ്രവെക്കരുത്": ഇവ മുദ്രവെച്ചു രഹസ്യമായി സൂക്ഷിക്കുവാനുള്ളവയല്ല. വിശ്വാസികൾ പീഡകൾ സഹിക്കുവാൻ ഒരുക്കമുള്ളവരാകുവാനും, അല്പകാലത്തെ സഹനത്തിനുശേഷം ഭാവിലോകത്തിൽ തങ്ങൾക്കു സിദ്ധിക്കുവാനിരിക്കുന്ന ഭാഗ്യത്തിന്റെ പ്രതീക്ഷമൂലം വിശ്വാസം, പ്രതീക്ഷ, സ്നേഹം ഇവയിൽ ഉന്മേഷവും വർദ്ധനവും പ്രാപിക്കുവാനുമായി അവർക്കു വെളിപ്പെടുത്തുവാൻ ഉദ്ദേശിക്കപ്പെട്ടവയാകുന്നു. — "സമയം അടുത്തിരിക്കയാണല്ലൊ": നിത്യതയോടു തുലനംചെയ്യുമ്പോൾ എത്രതന്നെ ദീർഘസമയവും, ലൗകികമായ എന്തുതന്നെയും, അല്പകാലത്തേക്കുമാത്രം നിലനില്ക്കുന്നതും ക്ഷണത്തിൽ മറഞ്ഞുപോകുന്നതുമാണല്ലൊ. അ. ക. വ. ക. വ്യ. നോക്കുക.

ഫക. "ഇനിയും അനീതി പ്രവർത്തിക്കട്ടെ . . . ഇനിയും അഴുക്കാക്കപ്പെടട്ടെ": ഇതു പാപംചെയ്യുവാനുള്ള ഒരനുവാദമല്ല, സ്വാതന്ത്ര്യത്തെ തടയുന്നില്ല എന്നുമാത്രമേ ഈ വാക്കുകൾ കാണിക്കുന്നുള്ളു. ദുഷ്ടൻ എത്രതന്നെ മുമ്പോട്ടുപോയാലും അവന്റെ പുരോഗമനം വേഗം തടയപ്പെടുമെന്നും പ്രവൃത്തിക്കനുസരണമായ ശിക്ഷയുണ്ടാകുമെന്നും അവൻ കരുതിക്കൊള്ളണമെന്നാണ് ഇവിടെ വിജ്ഞാപനം ചെയ്യുന്നതു്. — "ഇനിയും നീതി പ്രവർത്തിക്കട്ടെ . . . ഇനിയും വിശുദ്ധീകരിക്കപ്പെടട്ടെ": ഇവ ഉപദേശങ്ങളാണ്.

കയ. "അലപ്പും താവും": അ. ക. വ. വ്യ. വ്യ. നോക്കുക.

കഴ. "അധികാരം": ഗ്രീ., ല., ക്രൂശ. പ്രതികളിലും ഇങ്ങനെതന്നെ. അറ.ൽ 'അവകാശം' എന്നാണ് തർജ്ജമ. — "ആയുസ്സിന്റെ വൃക്ഷത്തിന്മേൽ": ഗ്രീ., ക്രൂശ. പ്രതികളിലും ഇങ്ങനെയാണ് കാണുന്നതു്. ല., അറ. പ്രതികളിൽ 'ആയുസ്സിന്റെ വൃക്ഷത്തിൽ' എന്ന വിവർത്തനം ചെയ്തിരിക്കുന്നു. — "വാതിലുകളിൽക്കൂടെ നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനുമായി": ഭൌമപുരുഷന്മാരുടെ പ്രവേശനദ്വാരത്തിങ്കൽ വാൾപിടിച്ച ഒരു ദൂതനെ നിറുത്തിയതായി സ്വ. അ. യു. വ. ക്ഷ-ൽ പറഞ്ഞിരിക്കുന്നതുപോലെതന്നെ സ്വർഗ്ഗീയപുരുഷന്മാരുടെ വാതിലുകളും, വെണ്മയുള്ള കല്യാണവസ്ത്രം ഇല്ലാത്തവരുടെ പ്രവേശനം തടയുവാൻ, ദൂതന്മാരെ കാവൽ നിറുത്തിയിട്ടുണ്ട്. (അ. ക. ഫ. വ. കഫ.) തൻമൂലം സ്വർഗ്ഗത്തിൽ പ്രവേശനം സിദ്ധിക്കേണ്ടതിനു കല്പനകളുടെ അനുസരണംകൊണ്ടു കല്യാണവസ്ത്രം നിർമ്മലമായി കാക്കണം. — "അവന്റെ കല്പനകൾ ചെയ്യുന്നവർ": ഗ്രീ., അറ. പ്രതികളിലും 'കല്പനകൾ ചെയ്യുന്നവർ' എന്നുതന്നെ കാണുന്നു. ല., ക്രൂശ. പ്രതികളിലും വെസ്റ്റ്മിൻസ്റ്റർ വിവർത്തനത്തിലും 'തങ്ങളുടെ വസ്ത്രം കുഞ്ഞാടിന്റെ രക്തത്തിൽ ശുദ്ധമാക്കുന്നവർ' എന്നാണ് കാണുന്നതു്. കല്പന കാക്കുന്നവരാണ് മനസ്സാക്ഷിയാകുന്ന വസ്ത്രത്തെ ശുദ്ധമായി കാക്കുന്നവർ. അതിനാൽ വിവിധപ്രതികൾ തമ്മിൽ ഇവിടെ കാര്യഭേദമില്ല. 'കുഞ്ഞാടിന്റെ രക്തത്തിൽ' എന്നുവെച്ചാൽ, യോഗ്യതകളിൽ, എന്നുകൂടി ല.ൽമാത്രം പറയുന്നുണ്ട്.

കഭ. "നായ്ക്കൾ": വിശ്വേച്ഛുക്കളും പരോപദ്രവികളുമായുള്ളവർ. — "പുറത്തു": പ്രവേശനംകിട്ടാതെ വെളിയിൽ നില്ക്കുമെന്നു താല്പര്യം.

കന. "ദാവീദിന്റെ വേരും, വംശവും": അ. ഉ. വ. ഉ. വ്യ. നോക്കുക. ദാവീദിന്റെ പുത്രനായി വരുമെന്നു ചിരകാലം പ്രതീക്ഷിക്കപ്പെട്ടിരുന്ന മ്ശീഹാ. — "ഉദയനക്ഷത്രം": അ. ഫ. വ. കവ. വ്യ. നോക്കുക.

കം. "വരിക, എന്നു ആത്മാവും മണവാട്ടിയും പറയുന്നു": സഭയുടെ ആത്മാവായ പരിശുദ്ധാത്മാവും സഭയും, എന്നുവെച്ചാൽ സഭമുഴുവനും, ന. കർത്താവിനോടു അവസാനവിധി ചെയ്യുവാൻവന്നു തന്നെ എത്രയുംവേഗത്തിൽ സ്വർഗ്ഗീയമണവറയിലേക്കു കൂട്ടിക്കൊണ്ടു പോകണമെന്നു പറയുന്നു. പരിശുദ്ധാത്മാവിന്റെയും സഭയുടെയും വാക്കുകൾ കേൾക്കുന്ന ഏവനും ഇങ്ങനെതന്നെ 'വരിക' എന്നു പറയട്ടെ. പറഞ്ഞാൽ

Christian Musicological Society of India



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
library@thecmsindia.org

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS